**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2549** **07-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മാറമ്പള്ളി, മണ്ണൂർ, പട്ടിമറ്റം, പുതുപ്പനം, കരിമുകൾ എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലുടനീളം 1140 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കുന്നത്തുനാട് മണ്ഡലത്തിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് പോകുന്നത്. പ്രസ്തുത സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു മാസത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ-ന്റെ വിതരണ പോസ്റ്റുകളിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനുള്ള സ്ഥല സൗകര്യം ലഭ്യമല്ല. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വിശ്രമിക്കുന്ന തിനുള്ള സോളാർ റൂഫിംഗ് നടപ്പിലാക്കുന്ന തിനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br><br>ഇലക്ട്രിക് വാഹനങ്ങൾക്കായി അനെർട്ടിന്റെ പദ്ധതി പ്രകാരം പുതുതായി സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ റിഫ്രഷ്മെന്റിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുള്ള സൗകര്യം കൂടി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗിന് ഈടാക്കുന്ന നിരക്കുകൾ എത്രയാണെന്ന് അറിയിക്കാമോ? | (സി) | കെ.എസ്.ഇ.ബി.എൽ-ന്റെ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ 13 രൂപ + GST യും പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ 9 രൂപ + GST യുമാണ് ഈടാക്കുന്നത്.<br><br>അനെർട്ടിന്റെ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ നിലവിൽ ജി.എസ്.ടി ഉൾപ്പെടെ ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് **15.34** രൂപയാണ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ